## III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പോലീസിന്റെ അനാസ്ഥ

മി. സ്പീക്കർ: പാലക്കാട് നെന്മാറയിൽ ജാമ്യ വ്യവസ്ഥ ലംഘിച്ച് വീട്ടിലെത്തിയ കൊലക്കേസ് പ്രതി രണ്ടുപേരെ കൊലപ്പെടുത്തിയതടക്കം സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് പരാജയപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഐ. സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് പോത്തുണ്ടി സ്വദേശി ചെന്താമര എന്ന് വിളിക്കുന്ന ചെന്താമരാക്ഷൻ 27-01-2025-ന് അയൽവാസികളായ സുധാകരനെയും അമ്മ ലക്ഷ്മിയെയും വെട്ടിക്കൊലപ്പെടുത്തിയ നിർഭാഗ്യകരമായ സംഭവമുണ്ടായി. സംഭവത്തിൽ BNS സെക്ഷൻ 126(2), 103 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 64/2025

ആയി നെന്മാറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഒളിവിൽപോയ പ്രതിയെ ആലത്തൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച പതിനൊന്നംഗ സംഘം തൊട്ടടുത്ത ദിവസം രാത്രിയോടെ പിടികൂടിയിരുന്നു. നിലവിൽ ഇയാൾ റിമാൻഡിലാണ്. കേസിന്റെ അന്വേഷണം ആലത്തൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നുവരുന്നു. കൊല്ലപ്പെട്ട സുധാകരന്റെ ഭാര്യയെ ഈ കേസിൽ പ്രതിയായ ചെന്താമരാക്ഷൻ 2019-ൽ കൊലപ്പെടുത്തിയ കേസ് പാലക്കാട് ഫാസ്റ്റ്ട്രാക്ക് കോടതിയുടെ പരിഗണനയിലാണ്. പ്രതിക്ക് 24-05-2022-ന് ഉപാധികളോടെ ജാമ്യം അനുവദിക്കുകയും കോടതിയുടെ ഉത്തരവില്ലാതെ നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവേശിക്കാൻ പാടുള്ളതല്ല എന്ന ജാമ്യ വ്യവസ്ഥയിൽ പിന്നീട് കോടതി ഇളവ് അനുവദിക്കുകയും ചെയ്തിരുന്നു. ഇതിനെ കോടതിയിൽ പോലീസ് എതിർത്തിരുന്നു. ചെന്താമര ടിയാന്റെ വീട്ടിലുണ്ടെന്നും ഇയാളിൽ നിന്ന് ഭീഷണിയുണ്ടെന്നും സൂചിപ്പിച്ച് കൊല്ലപ്പെട്ട സുധാകരന്റെ മകൾ അഖില 29-12-2024-ന് നെന്മാറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു.

തുടർന്ന് നെന്മാറ പോലീസ് അന്നേദിവസം തന്നെ ചെന്താമരയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ജാമ്യ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് ശക്തമായി താക്കീത് നൽകിയിരുന്നു. അതിനുശേഷമാണ് ദാരുണമായ സംഭവമുണ്ടായത്. പരാതികൾ ലഭിച്ചിട്ടും നടപടിയിൽ വീഴ്ച വരുത്തിയതിന് നെന്മാറ പോലീസ് ഇൻസ്പെക്ടർ എം. മഹേന്ദ്രസിംഹനെ 28-01-2025-ന് സർവീസിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. പത്തനംതിട്ട കണ്ണംകരയിൽ 04-02-2025-ന് രാത്രി പതിനൊന്ന് മണിയോടെ ആളുകൾ കൂട്ടം കൂടിനിന്ന് പ്രശ്നങ്ങളുണ്ടാക്കിയതിനെ തുടർന്ന് പോലീസ് എത്തി ലാത്തി വീശി ആളുകളെ പിരിച്ചുവിടുകയുണ്ടായി. ഇക്കൂട്ടത്തിൽ അടൂരിൽ നിന്ന് വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത് മടങ്ങിവന്ന എരുമേലി സ്വദേശികളിൽ ചിലരും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ഇവരിൽ ചിലർ സമീപത്തെ ബാറിലെത്തി മദ്യം ആവശ്യപ്പെട്ട് ബാറിലെ ജീവനക്കാരുമായും കൂട്ടം കൂടിനിന്ന് മറ്റുള്ളവരുമായി സംസാരിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്തു. സംഭവത്തിൽ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ BNS സെക്ഷൻ 159(2), 191(2), 190, 296(ബി), 351(2) എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം

നടത്തിവരുന്നു. ടി സംഭവത്തിനിടയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ BNS സെക്ഷൻ 115(2), 118(1), 118(2)(3)(5) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 296/2025 ആയി പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തെറ്റായ രീതിയിൽ നടപടി സ്വീകരിച്ച പത്തനംതിട്ട പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ജിനു ജെ. യു., പോലീസ് ഉദ്യോഗസ്ഥരായ ജോബിൻ ജോസഫ്, അഷ്ഫാക് റഷീദ് എന്നിവരെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. പരാതികളിൽ ശരിയായ രീതിയിലല്ലാതെ നടപടി സ്വീകരിച്ചാൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുകയാണ്. ഇത്തരം സംഭവങ്ങളെ സാമാന്യവൽകരിച്ച് പോലീസിനെതിരായ പ്രചാരണം നടത്തുന്നത് ശരിയല്ല. നോട്ടീസിൽ ഉന്നയിച്ച രണ്ട് സംഭവങ്ങളിലും ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ ക്രമസമാധാന അന്തരീക്ഷം ഇത്രയേറെ തകർന്ന ഒരവസ്ഥ ഇതിന് മുമ്പുണ്ടായിട്ടില്ല. ശ്വാസം മുട്ടിക്കുന്ന ക്രൂരവാർത്തകളുടെ കുത്തൊഴുക്കിൽ മലയാളിയുടെ കണ്ണും കാതും തകർന്നിരിക്കുകയാണ്. കൊലക്കത്തികളിൽനിന്ന് മനുഷ്യജീവന് സംരക്ഷണം നൽകാൻ കഴിയാത്തവിധം ഇവിടത്തെ പോലീസ് സംവിധാനം നോക്കുകുത്തിയാകുമ്പോൾ ആര് തുണയാകുമെന്ന് ഓരോ മലയാളിയും ആശങ്കയോടെ നെടുവീർപ്പിടുന്ന ദുരവസ്ഥയിലാണ് ഇന്ന് കേരളമുള്ളത്. നെന്മാറയിൽ നടന്ന സംഭവത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. രണ്ട് ജീവനുകൾ കൊലക്കത്തിക്ക് ഇരയായത് പോലീസിന്റെ വീഴ്ചകൊണ്ട് മാത്രമാണ്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്നുതന്നെ വ്യക്തമാണ്. കൊല്ലപ്പെട്ട സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ ചെന്താമര എന്ന പ്രതി കൊലപ്പെടുത്താനിടയായ സാഹചര്യമെന്താണ്; ടിയാൻ ജാമ്യവ്യവസ്ഥ ലംഘിച്ച് ആ നാട്ടിൽ താമസിച്ചു എന്നതിനാലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ ഒരു ചെറിയ പിശകുണ്ട്. അത്

ഫോക്ച്വലാണ്. അങ്ങ് പിന്നീട് പരിശോധിച്ചാൽ മതിയാകും. ജാമ്യ വ്യവസ്ഥയ്ക്ക് കോടതി ഇളവ് നൽകിയെന്നാണ് സൂചിപ്പിച്ചത്. അങ്ങനെയല്ല.. നെന്മാറ പഞ്ചായത്തിൽ പ്രവേശിക്കാൻ അപ്പോഴും അദ്ദേഹത്തിന് അനുവാദമുണ്ടായിരുന്നില്ല. ആദ്യം പാലക്കാട് ജില്ലയിലും അതിനുശേഷം നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിലും പ്രവേശിക്കരുതെന്ന് പറഞ്ഞു. കോടതി ഈ വ്യവസ്ഥയിൽ മാറ്റം വരുത്തിയെങ്കിലും നെന്മാറ പഞ്ചായത്തിൽ പ്രവേശിക്കരുതെന്ന വ്യവസ്ഥയിൽ മാറ്റമുണ്ടായിരുന്നില്ല. പക്ഷെ ഒന്നരമാസക്കാലം നെന്മാറ പഞ്ചായത്തിൽ കൊല്ലപ്പെട്ടവരുടെ വീടിന് അടുത്തിരുന്നാണ് ചെന്താമര കാര്യങ്ങൾ ആസൂത്രണം ചെയ്തത്. ആ സമയം അങ്ങയുടെ പോലീസ് എവിടെയായിരുന്നു; സുധാകരൻ മോട്ടോർ സൈക്കിളിൽ പോകുമ്പോൾ വീട്ടിൽ പതുങ്ങിയിരുന്ന ചെന്താമര ചാടിവീണ് ടിയാളെ വെട്ടുകയായിരുന്നു. ചെന്താമര സുധാകരനെ വെട്ടുന്നത് കണ്ട് അമ്മ ഓടിവന്നു. മാതൃഹൃദയം തേങ്ങുന്നത് സ്വാഭാവികമാണ്. അവിടെ വച്ചുതന്നെ അമ്മയെയും ക്രൂരമായി വെട്ടിക്കൊലപ്പെടുത്തുകയാണുണ്ടായത്. വളരെ മുമ്പുതന്നെ, ആയുധത്തിന്റെ മൂർച്ചകൂട്ടി തന്റെ കൈയിൽ ആയുധമുണ്ടെന്ന് അയാൾ

നാട്ടുകാരെ കാണിച്ചിട്ടുണ്ടായിരുന്നു. ചെന്താമരയുടെ ജീവിത തകർച്ചയ്ക്ക് കാരണം തലമുടി നീളമുള്ള ആളുകളാണെന്ന് വർഷങ്ങൾക്ക് മുമ്പ് ഒരു പണിക്കർ പറഞ്ഞിട്ടുണ്ടായിരുന്നത്രേ.. അതുകൊണ്ടുതന്നെ അയാൾ നീണ്ട തലമുടിയുള്ളവരെ വെട്ടിക്കൊലപ്പെടുത്തുകയാണ്. അങ്ങനെയാണ് സുധാകരന്റെ ഭാര്യ സജിതയെ ഇയാൾ ആദ്യം കൊലപ്പെടുത്തിയത്. ടി കൊലക്കേസ് പ്രതി വീണ്ടും ആ പ്രദേശത്തെത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഭീഷണിപ്പെടുത്തിയപ്പോൾ പോലീസ് എവിടെയായിരുന്നു; കൊല്ലപ്പെട്ട സുധാകരന് അഖില, അതുല്യ എന്ന് പേരുള്ള രണ്ട് പെൺകുട്ടികളാണുള്ളത്. ആർത്തനാദം പോലെ അഖില എന്ന കുട്ടി പറയുന്ന ദയനീയമായ വാക്കുകളുണ്ട്. 'എന്റെ അമ്മയെയും അച്ഛനെയും അച്ഛമ്മയെയും കൊന്നു.. ഇനി അയാൾ എന്നെയും കൊല്ലും'. ഇതുപറഞ്ഞ് നിസംഗതയോടുകൂടി ആ കുട്ടി ലോകത്തിന് മുന്നിലേയ്ക്ക് നോക്കുകയാണ്. അങ്ങയുടെ പോലീസിന്റെ വീഴ്ചയാണ് ആ കുട്ടിക്ക് ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെടുത്തിയത്. ഇവിടെ രണ്ട് ചോദ്യങ്ങളാണുള്ളത്. ഒന്ന്, ജാമ്യ വ്യവസ്ഥ ലംഘിച്ച് ഒന്നരമാസം എങ്ങനെ ഈ കൊലക്കേസ് പ്രതി അവിടെ താമസിച്ചു. ആ സമയം

പോലീസിന് എന്തായിരുന്നു പണി? മറ്റൊന്ന്, കൊല്ലപ്പെട്ട ആളുടെ മകൾ അഖിലയും നീണ്ടമുടിയുള്ള പുഷ്പ എന്ന സ്ത്രീയും അയൽപക്കത്ത് താമസിക്കുന്നുണ്ട് അവരും പരാതി നൽകി. നീണ്ട മുടിയുള്ളവരെ വെട്ടുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ പരാതിയിന്മേൽ പോലീസ് എന്താണ് ചെയ്തത്; ഇയാളെ വിളിപ്പിച്ച് താക്കീത് ചെയ്തുവിടുകയാണ് ചെയ്തത്. ഇയാൾ ഭീഷണി തുടർന്നുകൊണ്ടേയിരിക്കുകയാണ്. പോലീസിന്റെ ഒന്നാമത്തെ വീഴ്ച, പ്രതി ജാമ്യ വ്യവസ്ഥ ലംഘിച്ച് ഒന്നരമാസം അവിടെ താമസിച്ചുവെന്നതാണ്. രണ്ട് ഞങ്ങളെ കൊല്ലുമെന്ന് ഭീഷണിയുണ്ടെന്ന് ഈ കുട്ടികൾ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിരുന്നു. ആരാണ് പരാതി പറയുന്നത്; കൊല്ലപ്പെട്ട അമ്മയുടെ മകളാണ് പരാതി പറയുന്നത്. ആരെക്കുറിച്ചാണ് പരാതി പറയുന്നത്; ഒരു സാധാരണക്കാരനെക്കുറിച്ചല്ല പരാതി പറയുന്നത്. കൊലപാതകിയെ, ഈ കൊലപാതകങ്ങൾ നടത്തിയവൻ ഈ കുട്ടിയെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതുതന്നെ ഒരു കുറ്റകൃത്യമാണ്. അയാളെ preventive arrest ചെയ്യാൻ പോലീസിന് ഉത്തരവാദിത്വമില്ലേ; ആ ഉത്തരവാദിത്വം അങ്ങയുടെ പോലീസ് അവിടെ നിർവഹിക്കാത്തതുകൊണ്ടാണ് ഈ രണ്ട് ജീവനുകളും

നമുക്ക് നഷ്ടമായത്. പോലീസിന്റെ കൃത്യവിലോപം ഈ വിഷയത്തിലുണ്ട്. അതുകൊണ്ടുതന്നെ  ആ കുട്ടികളുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കണം. രണ്ട് കുട്ടികൾ അനാഥരായിരിക്കുകയാണ്. സർക്കാർ ഏറ്റെടുത്ത് അവരുടെ മൊത്തം ചെലവും വിദ്യാഭ്യാസ ചെലവും വഹിക്കണം. വീടും മറ്റ് സൗകര്യങ്ങളും ചെയ്തുനൽകണമെന്നുള്ള കാര്യം ഈ അടിയന്തര പ്രമേയത്തിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. പോലീസിന്റെ അഴിഞ്ഞാട്ടവും അതിക്രമവും നമ്മുടെ സംസ്ഥാനത്ത് വർധിച്ചുകൊണ്ടേയിരിക്കുകയാണ്. കഴിഞ്ഞ ആഴ്ചകളിൽ നടന്ന സംഭവങ്ങൾ മാത്രമാണ് ഞാൻ ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഇവിടെ സൂചിപ്പിക്കുന്നത്. പത്തനംതിട്ട സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പത്തനംതിട്ടയിൽ വിവാഹ പാർട്ടി സൽക്കാരം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ വണ്ടി നിർത്തി  ഒരാളെ ആ പ്രദേശത്ത് ഇറക്കുകയാണ്. ബാക്കിയുള്ളവർക്ക് പിന്നെയും കുറച്ച് ദൂരംകൂടി പോകേണ്ടതുണ്ട്. അതുകൊണ്ട് വണ്ടിയിലുള്ള കുറച്ചുപേർ പുറത്തിറങ്ങിനിന്നു. ഉടനെ അവിടേക്ക് ഒരു പോലീസ് വണ്ടി പാഞ്ഞുവന്ന്  ലക്കും ലഗാനുമില്ലാതെ തുരുതുരെ ഇവരെ അടിക്കുകയാണ്. ഈ അടി കിട്ടിയ സിതാര മോൾ എന്ന ഒരു സഹോദരി,  പോലീസിനെ

പേടിച്ച് ഓടി വീഴുകയും വീണുകിടന്ന സ്ഥലത്തിട്ട് എസ്.ഐ. ആ സഹോദരിയെ ചവിട്ടി തോളെല്ല് പൊട്ടിക്കുകയും ചെയ്തു. ഇതുകണ്ടുകൊണ്ട് അവരുടെ സഹോദരൻ തല്ലല്ലേയെന്നും പറഞ്ഞ് ഓടിവന്നപ്പോൾ അവനെയും പോലീസ് പൊതിരെ തല്ലി. ഈ അഞ്ചുപേരെ ക്രൂരമായി മർദ്ദിച്ചതിനുശേഷം തിരിഞ്ഞു നോക്കാതെ പോലീസ് വണ്ടി പോകുകയാണ്. അങ്ങയുടെ പോലീസിന് എന്താണ് പറ്റിയത്? എന്നിട്ട് ആളുമാറി ചെയ്തതാണെന്ന് പറയുകയാണ്. അവിടെ ബാറിൽ ബഹളം ഉണ്ടായതറിഞ്ഞ് വന്നപ്പോൾ അവരാണെന്ന് തെറ്റിദ്ധരിച്ച് ചെയ്തതാണെന്ന് പറയുന്നു. ഇങ്ങനെ ആളുമാറി അടിക്കുമ്പോൾ ഗൗരവം കൂടുമല്ലോ; ഇത്ര വെളിവില്ലാത്തവരെ പോലീസിൽ എടുക്കാൻ സാധിക്കുമോ? ഇങ്ങനെയുള്ളവരെ ഒരുകാലത്തും തിരികെ സർവീസിൽ പ്രവേശിപ്പിക്കാൻ പാടില്ല. ഈ കുടുംബത്തിന്റെ പരാതി പ്രകാരമുള്ള കേസ് നിങ്ങൾ രജിസ്റ്റർ ചെയ്തോ? പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു കുടുംബമാണ്. അവരെ വളരെ ക്രൂരമായാണ് പോലീസ് ആക്രമിച്ചത്. അതും മഫ്തിയിലുള്ള പോലീസാണ് ആക്രമിച്ചത്. എന്നിട്ട് ആ പോലീസിനെതിരെ അവരുടെ പരാതിക്കനുസൃതമായുള്ള കേസ്സെടുത്തോ;

ശ്രീമതി സിതാര മോളുടെയും കുടുംബത്തിന്റെയും പരാതി നമ്മുടെ മുമ്പിലുണ്ട്. ഇങ്ങനെയുള്ള ഒരുപാട് സംഭവങ്ങൾ കേരളത്തിൽ നടക്കുകയാണ്. അങ്ങയുടെ പോലീസിന്റെ സമനില തെറ്റിയിരിക്കുകയാണ്. ആലപ്പുഴയിൽ ഒരു പോലീസുകാരൻ ഹെൽമറ്റ് ഉപയോഗിച്ച് ഓട്ടോ ഡ്രൈവറുടെ തല അടിച്ചുപൊളിച്ചെന്ന വാർത്ത കേട്ടു. ഹെൽമറ്റ് വയ്ക്കുന്നത് തല സംരക്ഷിക്കാനാണ്. ഹെൽമറ്റ് പോലീസുകാർക്ക് തല അടിച്ചുപൊട്ടിക്കാനാണെങ്കിൽ പിന്നെ ആ ഹെൽമറ്റ് കൊണ്ടുള്ള കാര്യമെന്താണ്? ഹെൽമറ്റിന്റെ ബലം പരിശോധിക്കുന്ന പോലീസുകാരായി സംസ്ഥാനത്തെ പോലീസ് മാറുകയാണ്. ഇന്നലെ സഭയിൽ ചിലർ കാട്ടാക്കടയിലുണ്ടായ സംഭവം സൂചിപ്പിച്ചു. തിരുവനന്തപുരത്ത് കാട്ടാക്കടയിൽ വീടുകളിൽ കയറി ഭിക്ഷ യാചിച്ച് ജീവിക്കുന്ന 82 വയസ്സുള്ള ഒരു വൃദ്ധയെ, ഒരു പോലീസുകാരൻ പത്തുരൂപ കാണിച്ച് വീട്ടിലേക്ക് വിളിച്ചുകയറ്റി അവരുടെ കൈയിലുണ്ടായിരുന്ന 352 രൂപ തട്ടിപറിച്ചെടുത്തു. കേരള പോലീസിന്റെ അവസ്ഥ എന്താണ്? ഡി.എ. കുടിശ്ശികയുടെ ഗഡുക്കൾ കൊടുക്കാത്തതുകൊണ്ടാകാം പോലീസ് പിടിച്ചുപറിക്കാൻ തുടങ്ങുന്നത്.

ഗഡുക്കൾ സമയത്ത് കൊടുക്കാത്തതിന്റെ പ്രശ്നമാണോയെന്ന് പരിശോധിക്കുന്നത് നല്ലതാണ്. ആ മുത്തശ്ശി ജീവിതത്തിൽ ഗതി ഇല്ലാഞ്ഞിട്ടാണ് യാചിച്ച് ജീവിക്കുന്നത്. ഇതിനെ നീചമെന്നും ക്രൂരമെന്നും മനുഷ്യത്വവിരുദ്ധമെന്നും പറഞ്ഞാൽ അത് നാണിച്ചുപോകും. അത്ര പൈശാചികമായ സംഭവങ്ങൾ നടക്കുകയാണ്. ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിവൈ.എസ്.പി. എറണാകുളത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് വാഹനത്തിൽ വന്നൊരു യാത്രയുണ്ട്. അതൊരു സവാരിയല്ല, ഒരു ഒന്നൊന്നര സവാരി ഗിരി ഗിരിയാണ്. ഇയാൾ പൂർണ്ണമായും മദ്യപിച്ച് വണ്ടി ഓടിക്കുന്നത് കണ്ട് നാട്ടുകാരും പത്രക്കാരും പരാതിപ്പെട്ടപ്പോൾ വണ്ടി തടഞ്ഞുനിർത്തി ആ ഡിവൈ.എസ്.പി.-യെ പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായി. അറസ്റ്റ് ചെയ്യുമ്പോൾ അദ്ദേഹം ഡിവൈ.എസ്.പി.-യാണെന്ന് അറിയില്ലായിരുന്നു. പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ എസ്.എച്ച്.ഒ. ഇയാളുടെ മുമ്പിൽ സല്യൂട്ട് അടിച്ച് നിൽക്കുകയാണ്. കാരണം കുറ്റം ചെയ്തത് ഒരു ഡിവൈ.എസ്.പി.-യായിരുന്നു. അദ്ദേഹം മദ്യത്തിന്റെ പൂർണ്ണമായ ലഹരിയിലായിരുന്നു. ഗുണ്ടകളും പോലീസും തമ്മിലുള്ള ബന്ധം

ഇവിടെ ശക്തമായി തുടരുകയാണ്. ഈയിടെ തലസ്ഥാനത്ത് ഹോട്ടൽ ഉദ്ഘാടനത്തിൽ രണ്ട് സി.ഐ.-മാർ പരസ്പരം തമ്മിൽ തല്ലുകയുണ്ടായി. അവിടെ തിരുവനന്തപുരത്തെ പോലീസ് സൂപ്രണ്ടിന്റെയും അവരുടെ വിശിഷ്ട അതിഥിയായ ഗുണ്ടാ തലവൻ ഓംപ്രകാശിന്റെയും സാന്നിധ്യമുണ്ടായിരുന്നു. ഓംപ്രകാശും എസ്.പി.-യും നോക്കി നിൽക്കുമ്പോഴാണ് രണ്ട് സി.ഐ.-മാർ തമ്മിൽ പൊരിഞ്ഞ തല്ലുണ്ടായത്. തല്ലുണ്ടായത്, ആ ഹോട്ടലിന് ബാർ ലൈസൻസ് വാങ്ങി നൽകിയത് ഞാനാണെന്നും പറഞ്ഞ് രണ്ട് കൂട്ടരും പരസ്പരം അവകാശവാദം ഉന്നയിച്ചു. അവസാനം എസ്.പി.-ഉം ഓംപ്രകാശും കൂടി തീരുമാനത്തിലെത്തി...

മി. സ്പീക്കർ: സമയമായിക്കൊണ്ടിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗുണ്ടാതലവനും എസ്.പി.-യും തമ്മിൽ മധ്യസ്ഥത പറയുകയാണ്. ഇത് എന്താണ് ബോംബെയിലെ അധോലോകമാണോ? ബോംബെയിലെ അധോലോകത്തെ കേരളത്തിലേക്ക് പറിച്ചുനടുന്ന സ്ഥിതിയാണ് ഇപ്പോൾ ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്.

ഇവിടെ എന്റെ സുഹൃത്ത് ശ്രീ. എ. കെ. എം. അഷ്റഫ് ഇന്നലെ സഭയിൽ ബായാറിലുള്ള മുഹമ്മദ് ആസിഫിന്റെ മരണത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചിരുന്നു. അപകടമരണമാണെന്നാണ് ആദ്യം എല്ലാവരും കരുതിയിരുന്നത്. പക്ഷേ പിന്നീട് സംഭവസ്ഥലത്ത് ലാത്തി കാണുകയും ഇപ്പോൾ അത് കൊലപാതക അന്വേഷണത്തിലേക്ക് പോകുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ പോലീസ് എത്രമാത്രം ക്രിമിനൽവൽകരിക്കപ്പെട്ടിരിക്കുന്നു. എത്രമാത്രം ഗുണ്ടകളുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്നാണ് ഇതൊക്കെ തെളിയിക്കുന്നത്. തമ്മനം ഫൈസലിന്റെ കഥ ഞാൻ ഇപ്പോൾ ആവർത്തിക്കുന്നില്ല. മുമ്പ് നമ്മൾ ഇവിടെ പറഞ്ഞതാണ്. അവിടെ ലഹരി പാർട്ടിയിലെ മുഖ്യ അതിഥി ഡിവൈ.എസ്.പി.-യാണ്. ഇവിടെ തുമ്പ പോലീസ് സ്റ്റേഷനിലെ ഒരു പോലീസുകാരൻ കൈക്കൂലി വാങ്ങിയത് google pay വഴിയാണ്. കൈക്കൂലി ഡിജിറ്റൈസ് ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണെന്ന് നിങ്ങൾക്ക് അവകാശപ്പെടാം.

മി. സ്പീക്കർ: പ്ലീസ് പ്ലീസ് കൺക്ലൂഡ്... പത്തുമിനിട്ടായി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നലെ വിശദീകരിച്ചതുപോലെ ലഹരിക്ക് അടിമപ്പെട്ട് നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ എന്തെല്ലാമാണ് ചെയ്തുകൂട്ടുന്നത്. ഇതൊക്കെ തടയാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. എത്ര മക്കളാണ് നൊന്ത് പെറ്റ അമ്മമാരെ MDMA ഉൾപ്പെടെയുള്ള ലഹരിക്ക് അടിമപ്പെട്ട് ക്രൂരമായി കൊലപ്പെടുത്തുന്നത്. കേരളം ഇന്ന് ലഹരിയുടെ ഹബ്ബായി മാറുകയാണ്. അതിൽ പോലീസും സംവിധാനങ്ങളും നോക്കുകുത്തിയാണ്. ഇന്നലെ നിങ്ങൾ ചർച്ച ചെയ്തു, അതുകൊണ്ടെന്താണ് കാര്യം; എന്തെങ്കിലും പ്രത്യേകിച്ച് തീരുമാനമെടുത്തോ? എല്ലായിടങ്ങളിലും ലഹരി വ്യാപനം വലിയ തോതിൽ നടന്നുകൊണ്ടിരിക്കുന്നു. ഇവിടത്തെ ക്രമസമാധാനം ആകെ തകർന്നുവെന്ന് പറഞ്ഞാൽ അക്ഷരാർഥത്തിൽ ശരിയാണ്. ആളുകൾക്ക് എങ്ങനെ മുന്നോട്ടുപോകുമെന്നുള്ള ഭയപ്പാടാണ്. കോട്ടയത്ത് ഒരു ഗുണ്ട പോലീസിനെ ചവിട്ടി കൊല്ലുകയുണ്ടായി.

മി. സ്പീക്കർ: പ്ലീസ് പത്തുമിനിട്ടായി, കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കൂട്ടത്തിൽ നല്ല പോലീസ് ഓഫീസർമാരുമുണ്ടല്ലോ; അവർ എങ്ങനെ ജോലി ചെയ്യും? ഏറ്റുമാനൂരിൽ

അറസ്റ്റുചെയ്തുകൊണ്ടുവന്ന ഒരു ഗുണ്ട പോലീസിനെ ചവിട്ടി കൊലപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. വയനാട്ടിൽ അന്യ സംസ്ഥാന തൊളിലാളിയെ കൊന്നിട്ട് കഷണം കഷണമാക്കി.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇങ്ങനെ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉയർന്നുവരുന്ന സംഭവങ്ങൾ വളരെ ദൈന്യതയാർന്നതും ഭീതിതവും ഭീകരവുമാണ്. കുഞ്ഞിനെ കിണറ്റിൽ എറിഞ്ഞുകൊല്ലുന്ന പൈശാചികത ബാലരാമപുരത്ത് നമ്മൾ കാണുകയുണ്ടായി. ഈ പിണറായി സർക്കാരിന്റെ കാലത്തെ ക്രമസമാധാന സ്ഥിതി വളരെ ലജ്ജാവഹമാണ്. അതുകൊണ്ട് ടി വിഷയം അടിയന്തരമായി ചർച്ച ചെയ്യാൻ ഈ സഭ നിർത്തിവക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യനായ അംഗം എന്തൊക്കെയോ ചില കാര്യങ്ങൾ പറയാനുള്ള ശ്രമത്തിലായിരുന്നു. പക്ഷെ

എന്താണ് പറ്റിയത്? ... (ബഹളം) ... നിങ്ങൾ അത് നടത്തിക്കോളും എന്നാണോ? എന്നാൽ നടത്തിക്കോളൂ...... അതല്ലേ സത്യം ... (ബഹളം) ...

മി. സ്പീക്കർ: ഇരിക്ക് ഇരിക്ക് അവിടെ ഇരിക്ക്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയല്ലേ; യെസ്... യെസ്.. അവിടെ ഇരിക്ക് ഇരിക്ക് മുഖ്യമന്ത്രി സംസാരിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയം വേണ്ടത്ര നല്ല രീതിയിൽ ശ്രീ. എൻ. ഷംസുദ്ദീന് അവതരിപ്പിക്കാൻ കഴിഞ്ഞില്ലെന്നുള്ളതുകൊണ്ട് കുറച്ച് ബഹളമുണ്ടാക്കി പ്രശ്നമാക്കാമെന്നാണോ ധാരണ? ഈ രീതിയിൽ കാര്യങ്ങൾ പറയാൻ കഴിയുന്നില്ലെങ്കിൽ അത് അദ്ദേഹത്തിന്റെ കുറവല്ല കേരളത്തിന്റെ അവസ്ഥയുടെ സ്ഥിതിയാണ്. ഏതെങ്കിലും ചില സംഭവങ്ങൾ എടുത്തുകാണിച്ചുകൊണ്ട് ഇവിടെ ക്രമസമാധാനമാകെ തകർന്നുവെന്ന് പറഞ്ഞാൽ അതൊരു ചിത്രമായിട്ട് വരില്ല. അതാണ് കേരളത്തിന്റെ അനുഭവം. അതിനെ മറ്റ് തരത്തിൽ മാറ്റിതീർക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രമിക്കേണ്ട എന്ന് മാത്രമേ എനിക്ക് അതുസംബന്ധിച്ച് ആദ്യം പറയാനുള്ളൂ. (ബഹളം) പൊള്ളുന്നുണ്ട് അതല്ലേ ഈ കാണിക്കുന്നത്. അതിന്റെ ഭാഗമായണ്

പ്രതിപക്ഷ നേതാവ് തന്നെ എഴുന്നേൽക്കുന്ന നില വന്നത്. നിങ്ങൾക്ക് ഇത്രയും ചെറിയ ഒരു വാചകം പോലും സഹിക്കാൻ പറ്റുന്നില്ലെങ്കിൽ നിങ്ങൾ എന്താകും എന്നാണ് ചിന്തിക്കേണ്ടത്. (ബഹളം) എവിടെയാണ് എത്തുന്നത്? ഞാൻ വേറൊന്നും പറഞ്ഞില്ല. സംസാരിക്കാൻ തുടങ്ങുമ്പോഴേക്കും നിങ്ങൾക്ക് വല്ലാതെ പൊള്ളുകയാണ്. എന്തിനാണ് പൊള്ളുന്നത്?

നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിൽ ചെന്താമര പ്രവേശിക്കരുത് എന്ന് നേരത്തെ ഉത്തരവ് നൽകിയിരുന്നു. പിന്നീട് നെന്മാറ പഞ്ചായത്ത് പരിധിയിൽ പ്രവേശിക്കരുത് എന്ന ഇളവ് കോടതിയാണ് നൽകിയത്. അപ്പോൾ ആ ഇളവ് അനുവദിക്കുന്നത് കോടതി തന്നെയാണ്. അതിനെയും പോലീസ് എതിർക്കുന്ന നിലതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, നമ്മുടെ സംസ്ഥാനത്ത് ധാരാളംപേർ ജാമ്യത്തിൽ ഇറങ്ങുന്നുണ്ട്. അവർ ജാമ്യവ്യവസ്ഥയിൽ കഴിയേണ്ടവരാണ്. അപ്പോൾ അങ്ങനെയുള്ള ആളുകളിൽ കുറെപേർ ജാമ്യവ്യവസ്ഥ ലംഘിക്കുന്നുണ്ട്. ജാമ്യവ്യവസ്ഥ ലംഘിച്ചാൽ പോലീസിന് ചെയ്യാൻ കഴിയുന്നത് എന്താണ്? അത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. അത് പ്രതിപക്ഷവും

ഭരണപക്ഷവും എന്ന വ്യത്യാസം മാത്രം വച്ച് ചിന്തിക്കേണ്ട കാര്യമില്ല. പോലീസിന് സാധാരണഗതിയിൽ ചെയ്യാൻ സാധിക്കുന്നത് അത് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നത് മാത്രമാണ്. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ കോടതിയാണ് തീരുമാനമെടുക്കേണ്ടത്. കോടതിയാണ് ജാമ്യം അനുവദിച്ചത്. അറസ്റ്റ് ചെയ്യാൻ സാധിക്കില്ലേ എന്ന് പ്രതിപക്ഷത്ത് നിന്ന് ആരോ ഇടയ്ക്ക് ചോദിച്ചു. സാധാരണഗതിയിൽ അങ്ങനെ ഒരു അധികാരം പോലീസിനുണ്ടോ; കോടതി അനുവദിച്ച ജാമ്യത്തിൽ ആ ജാമ്യവ്യവസ്ഥ ലംഘിച്ചുവെന്ന് പറഞ്ഞ് അറസ്റ്റ് ചെയ്യാനുള്ള അധികാരം പോലീസിനുണ്ടോ; ആ അധികാരം പോലീസിന് നൽകുന്നതിനോട് നിങ്ങൾക്ക് യോജിപ്പാണോ? ഏതെങ്കിലും ഒരു കേസിനെ ആസ്പദമാക്കി അല്ല കാര്യങ്ങൾ കാണേണ്ടത്. കേരളത്തിൽ ആകെയുള്ള സംഭവങ്ങളെയാണ് നോക്കേണ്ടത്. സ്വതവേ ജാമ്യവ്യവസ്ഥ ലംഘിച്ചുവെന്നതിന്റെ മേൽ നടപടിയെടുക്കാൻ പോലീസിന് പൂർണ്ണ അധികാരം നൽകാമോ എന്നത് ചിന്തിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും ഗൗരവമായി പരിശോധിക്കേണ്ടതുമായ കാര്യമാണ്. ഇപ്പോൾ ചെന്താമരയുടെ കാര്യത്തെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ

പറഞ്ഞ കാര്യങ്ങളിൽ ആർക്കാണ് വിയോജിപ്പുള്ളത്. അയാൾ ഒരു കൊല നടത്തി വീണ്ടും കൊല നടത്തുന്നു. അയാളെ പോലീസ് കസ്റ്റഡിയിൽ എടുക്കുമ്പോൾ ആരെയോ കണ്ടപ്പോൾ നിന്നെ വെറുതെ വിട്ടുപോയെന്നോ നിന്നെ കിട്ടിയില്ലായെന്നോ പറയുന്ന ഒരു അവസ്ഥ സ്വീകരിച്ചുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അന്നേരവും ഭീഷണിപ്പെടുത്താനും കൊലപ്പെടുത്താൻ കഴിഞ്ഞില്ലെന്ന കാര്യം പറയാനും തയ്യാറായി. അയാൾ പ്രത്യേക മാനസിക പ്രകൃതക്കാരനാണെന്നും ക്രിമിനലിന്റെ അങ്ങേയറ്റം നിൽക്കുന്ന ഒരാൾ ആണെന്നുമാണ് അക്കാര്യങ്ങളിൽനിന്ന് വ്യക്തമാകുന്നത്. അത്തരം കാര്യങ്ങളിൽ ആർക്കും ഇവിടെ വിയോജിപ്പില്ല. ഞാൻ ചെന്താമരയെ ന്യായീകരിക്കാൻ നിൽക്കുകയാണോ? ചെന്താമരയെ ന്യായീകരിക്കാനാണോ സർക്കാർ നിൽക്കുന്നത്. ചെന്താമരയെ എത്രയും പെട്ടെന്ന് പിടികൂടാൻ സാധിക്കുമോ അതിനുള്ള നടപടികളെല്ലാം സ്വീകരിച്ചല്ലോ? ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചയെന്ന് പറയുന്നത്, ഇത്തരം ഒരു പരാതി ലഭിച്ചപ്പോൾ ആ പരാതി അതീവ ഗൗരവമായിട്ട് കൈകാര്യം ചെയ്യണമായിരുന്നു എന്നതാണ്. അത് ജാമ്യത്തിലിറങ്ങിയ ഒരാളുടെ കാര്യം

മാത്രമായല്ല വരുന്നത്. അയാൾ കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യാൻ സാധ്യതയുണ്ട് എന്ന പരാതിയാണ് വരുന്നത്. അതിന്റെ മേലെയുള്ള നടപടി പോലീസ് സ്വീകരിക്കേണ്ടതായിരുന്നു എന്നതിൽ തർക്കമില്ല. വെറുതെയാണോ ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തത്; എന്തുകൊണ്ടാണ് നിങ്ങൾ അത് കാണാത്തത്? ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തുകയാണ്. അന്വേഷണത്തിന്റെ ഭാഗമായി എന്തെല്ലാം വരുമെന്ന് നിങ്ങൾക്ക് തന്നെ അറിയാം. ആ അന്വേഷണത്തിന്റെ ഭാഗമായി കാര്യങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കുറ്റവാളിയെന്ന് നമ്മൾ ഇപ്പോൾ കരുതുന്ന ഒരാളെ സംരക്ഷിക്കുന്നുവെന്നതാണല്ലോ ആ പോലീസ് ഉദ്യോഗസ്ഥൻ ചെയ്ത തെറ്റായ കാര്യം. ആ തെറ്റിനെ മൂടിവയ്ക്കാനോ സംരക്ഷിക്കാനോ ഞങ്ങൾ തയ്യാറായോ? നടപടി സ്വീകരിക്കാനല്ലേ തയ്യാറായത്; ആ നടപടിയുടെ ഭാഗമായി എങ്ങനെയെല്ലാം വരുമെന്നത് അന്വേഷണത്തിന് ശേഷമല്ലേ പറയാൻ സാധിക്കുകയുള്ളൂ? ഫലപ്രദമായ അന്വേഷണമല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്? ചെന്താമരയെക്കുറിച്ച് കൂടുതൽ പറയാനില്ല. ഇക്കാര്യത്തിൽ ശക്തമായ നടപടി

സ്വീകരിച്ചുവരികയാണ്. അങ്ങേയറ്റം ശിക്ഷ ഉറപ്പാക്കുന്ന നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ചെയ്യും.

പത്തനംതിട്ടയിലെ പ്രശ്നം സംഭവിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ് എന്നതിൽ സംശയവുമില്ല. ഒരു വിവാഹ പാർട്ടിയിൽ പങ്കെടുത്ത ആളുകൾക്ക് തല്ല് കൊള്ളാനിടയായി. അതിൽ ഒരു യുവതിക്ക് തല്ല് കൊള്ളുകയും അവർ പരാതി നൽകുകയും അതിന്മേൽ അന്വേഷണം നടക്കുകയും ചെയ്യുന്നു. അതിന്റെ ഭാഗമായിതന്നെ പോലീസ് എസ്.ഐ. അടക്കമുള്ള ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും മറ്റ് അന്വേഷണങ്ങൾ നടന്നുവരികയുമാണ്. എല്ലാം ഇതിന്റെ ഭാഗമായി തുടർന്നുവരികയാണ്. പോലീസിന്റെ ഭാഗത്തുനിന്ന് തെറ്റായ കാര്യം സംഭവിച്ചാൽ ആ സംഭവിക്കുന്നതിനോട് സ്വീകരിക്കുന്ന സമീപനമെന്ത് എന്നതാണ് പ്രശ്നം. ആ സംഭവത്തെ ന്യായീകരിക്കാൻ ഏതെങ്കിലും ഘട്ടത്തിൽ സർക്കാർ തയ്യാറായോ? ആ സംഭവത്തെ ഗൗരവമായും തെറ്റാണെന്നും കണ്ട് ആ തെറ്റിന്റെ മേൽ നടപടി സ്വീകരിക്കാനാണ് തയ്യാറായത്. അതാണ് സർക്കാരിന്റെ പ്രത്യേകത. ഒരു തെറ്റിനെയും ന്യായീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യില്ല. ഏത് പോലീസ് ഉദ്യോഗസ്ഥനായാലും തെറ്റ്

ചെയ്താൽ അവർക്കെതിരെ കർക്കശമായ നടപടിയുണ്ടാകും. ഇതിന്റെ പേരിൽ പോലീസ് ആകെ വെളിവില്ലാത്തവരാണെന്ന് പറഞ്ഞാൽ പോലീസിന് ചാർത്തി നൽകാൻ സാധിക്കുന്ന എന്തെല്ലാം ബഹുമതികൾ നമ്മുടെ നാട്ടിലുണ്ട്. തെറ്റായ കാര്യം നടന്നാൽ ആ തെറ്റിനെ തെറ്റായി തന്നെ കാണണം. ആ തെറ്റിനെതിരെ കർക്കശ നടപടി സ്വീകരിക്കുമെന്നതാണ് സർക്കാരിന്റെ നിലപാട്. ഒരു പോലീസുകാരൻ 82 വയസുകാരിയെ വീട്ടിൽ പൂട്ടിയിട്ട സംഭവം ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് അങ്ങേയറ്റം ഹീനമായ സംഭവമാണെന്ന് പൊതുസമൂഹം തന്നെ കണക്കാക്കിയതാണ്. അത് പോലീസിന്റെ സ്വഭാവമായല്ല വരുന്നത്. നാട്ടിൽ ക്രിമിനൽ വാസനയുള്ള ചില ആൾക്കാരുണ്ട്. അതിന്റെ ഭാഗമായി നടന്നൊരു കാര്യമായിട്ട് മാത്രമെ അതിനെ കാണാൻ സാധിക്കുകയുള്ളൂ. ഒരു ഡിവൈ.എസ്.പി. മദ്യപിച്ച് വാഹനമോടിച്ചാൽ പോലീസുകാർ ആകെ മദ്യപിക്കുന്നവരാണെന്ന് പറയാൻ സാധിക്കുമോ? അതിനെ പോലീസിന്റെ സ്വഭാവമായി മാത്രം കണക്കാക്കാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് മദ്യ ലഹരി വല്ലാതെ വർധിക്കുന്നുവെന്നും അതിന് പോലീസ് കൂട്ടുനിൽക്കുന്നുവെന്നും ആണോ

പറയാൻ ഉദ്ദേശിക്കുന്നത്? അക്കാര്യത്തിൽ ശക്തമായ നടപടിതന്നെ സ്വീകരിച്ച പോകുന്നതല്ലേ നമ്മുടെ നാടിന്റെ അനുഭവം? പോലീസ് ഗുണ്ടകളെ സംരക്ഷിക്കുന്ന കാലം കഴിഞ്ഞു. ഇപ്പോൾ ഗുണ്ടകൾക്കെതിരെ കർക്കശമായ നടപടികളാണ് സ്വീകരിച്ചുപോകുന്നത്. സംസ്ഥനത്ത് ആകെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുപോകുന്നുണ്ട്. ഒരു തരത്തിലും ഗുണ്ടകളെ സംരക്ഷിക്കുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല.

നമ്മുടെ കേരളത്തിൽ അധോലോകത്തിന്റെ കാര്യം പറഞ്ഞ് ഭീതിയുണ്ടാക്കാൻ സാധിക്കുന്ന സാഹചര്യമല്ല ഇന്നുള്ളത്. ഇന്ത്യയിലെ ഏറ്റവും ക്രമസമാധാന നില ഭദ്രമായ സംസ്ഥാനമാണ് കേരളം. ആ നില നമ്മൾ മറന്നുപോകരുത്. ഇവിടെ പോലീസ് ക്രിമിനൽവൽക്കരിക്കപ്പെട്ടുവെന്നാണ് അദ്ദേഹം പറഞ്ഞത്. എത്ര മികവാർന്ന കാര്യങ്ങളാണ് പോലീസ് ചെയ്തുകൊണ്ടിരിക്കുന്നത്; അത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്ത കാര്യമാണോ? കൈക്കൂലി ഡിജിറ്റൈസ് ചെയ്തതിനെപ്പറ്റി പറഞ്ഞു. അത് വയനാടിനെ നോക്കി പറഞ്ഞതാണെന്നാണ് തോന്നുന്നത്. അവിടെയാണല്ലോ റെസിപ്റ്റ് നൽകിയിട്ട് കൈക്കൂലി സമ്പ്രദായം തുടങ്ങിയത്. അതാണോ

മനസ്സിലുണ്ടായതെന്ന് അറിയില്ല. അതായിരിക്കും ചിലപ്പോൾ അദ്ദേഹത്തെ അതിന് പ്രേരിപ്പിച്ചതെന്നാണ് തോന്നുന്നത്. ഒരു ക്രിമിനൽ സംഭവം നടന്നാൽ ഒരാളെ വെട്ടി കൊന്നു, വെട്ടിനുറുക്കി എന്ന് പറയുന്നത് ശരിയാണ്. അതിന്മേൽ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. എന്തിനാണ് പോലീസിനെ ഇത്തരത്തിൽ വല്ലാതെ ആക്ഷേപിക്കുന്ന നില സ്വീകരിച്ചതെന്ന് ഒരു തരത്തിലും മനസ്സിലാകുന്നില്ല. പോലീസിന്റെ പ്രത്യേകതകളും നമ്മുടെ സംസ്ഥാനത്ത്  വിവിധ തരത്തിലുള്ള സംഭവങ്ങളിൽ പോലീസ് സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് ഞാൻ കൂടുതലായി പറയേണ്ട കാര്യമില്ലല്ലോ; സൈബർ കുറ്റകൃത്യങ്ങളടക്കം നല്ല രീതിയിൽ കണ്ടെത്താൻ പോലീസ് ശ്രമിക്കുന്നകാര്യം നമ്മുടെയെല്ലാം കൺമുന്നിലുള്ള വസ്തുതയല്ലേ.  ഇപ്പോൾ വർഗീയലഹളയില്ലാത്ത ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം നിലനിൽക്കുന്നു. അതിനിടയാക്കുന്നതിൽ പോലീസിന്റെ പങ്കില്ലേ; നമുക്ക് അത് നിഷേധിക്കാൻ കഴിയുമോ? ഇവിടെ പല കാര്യങ്ങളിലും ജനസൗഹൃദമായ ഇടപെടലുകൾ നടത്തുന്ന പോലീസിനെയല്ലേ സംസ്ഥാനത്ത് പൊതുവേ കാണാൻ സാധിക്കുന്നത്. കുറ്റം ആര് ചെയ്താലും അവർക്കെതിരെ കർക്കശ

നടപടികൾ സ്വീകരിക്കുന്ന പൊലീസിനെയാണല്ലോ കേരളത്തിൽ കാണാൻ കഴിയുന്നത്. അതേസമയം തെറ്റായ രീതി പോലീസിന്റെ ഭാഗത്തുനിന്നുണ്ടായാൽ അത് അംഗീകരിക്കാത്ത സമീപനം സർക്കാർ സ്വീകരിക്കുകയും എല്ലാ നിയമപരമായ നടപടികൾക്ക് പിന്തുണയും നൽകുന്നു. ഇതാണല്ലോ കേരളത്തിൽ പൊലീസിന് മികവാർന്ന രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന നിലയുണ്ടാക്കുന്നത്. സമൂഹത്തോട് നല്ല പ്രതിബന്ധത പുലർത്തിക്കൊണ്ട് പ്രവർത്തിച്ചുപോകാനുള്ള അന്തരീക്ഷമാണ് കേരളത്തിലുള്ളത്. അതിന് പൊലീസിനെ കൂടുതൽക്കൂടുതൽ പ്രാപ്തമാക്കുന്ന നടപടികളാണ് നാം സ്വീകരിച്ചുപോകുന്നത്. അതിന്റെ ഭാഗമായി നല്ല തോതിൽ 'ജനകീയസേന' എന്ന പേര് അന്വർഥമാക്കിക്കൊണ്ടിരിക്കുകയാണ് കേരളത്തിലെ പൊലീസ്. ഇവിടെ നല്ല രീതിയിലുള്ള ഇടപെടലിന്റെ ഭാഗമായി വിവിധ കേസുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാൻ പൊലീസിന് കഴിയുന്നുണ്ടെന്നതും നാം കാണേണ്ടതല്ലേ, അതിൽ പൊലീസിന്റെ റോൾ കൂടി നാം പ്രത്യേകം കാണേണ്ടേ? ഹരിപ്പാടിൽ ജലജാ സുരൻ വധിക്കപ്പെട്ടത് 2015-ലായിരുന്നു. ആ കേസ് വർഷങ്ങളോളം

തെളിയിക്കാതെ കിടന്നതുകൊണ്ട് സി.ബി.ഐ.-ക്ക് കൈമാറി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചതാണ്. എന്നാൽ ക്രൈം ബ്രാഞ്ചിന്റെ വിശദമായ അന്വേഷണത്തിലല്ലേ ആ കേസ് തെളിയിക്കപ്പെട്ടത്? കൂടത്തായി കൊലപാതക പരമ്പര ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു കേസായിരുന്നില്ലേ, വർഷങ്ങൾക്കുശേഷമാണ് ആ ദുരൂഹമരണങ്ങൾ കൊലപാതകമാണെന്ന് പൊലീസ് കണ്ടെത്തിയത്. പാമ്പുകടിയേറ്റ് ഭാര്യ മരിച്ചുവെന്ന ഭർത്താവിന്റെ വാദം കള്ളമാണെന്ന് തെളിയിച്ചതും അതിലേയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കുപ്രസിദ്ധമായ ഉത്ര കൊലക്കേസും നമ്മുടെ സംസ്ഥാന പോലീസല്ലേ കൈകാര്യം ചെയ്തത്. കൊല്ലം ജില്ലയിലെ ഓയൂരിൽ കുട്ടിയെ തട്ടിക്കൊണ്ടുപോയ പ്രതികളെ മണിക്കൂറുകൾക്കകം പൊലീസിന് പിടികൂടാൻ സാധിച്ചില്ലേ? അതിൽ ജനങ്ങളും സാമൂഹ്യ മാധ്യമങ്ങളും പൊലീസുമെല്ലാം ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന കാഴ്ചയല്ലേ നമുക്ക് കാണാൻ സാധിച്ചത്. ഏറ്റവും ഒടുവിലുണ്ടായ ഷാരോൺ കൊലക്കേസിൽ ശാസ്ത്രീയമായ തെളിവുകളും സൈബർ തെളിവുകളും ശേഖരിച്ച് അത് ആസൂത്രിതകൊലപാതകമാണെന്ന് കോടതിയിൽ തെളിയിച്ച് പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങി നൽകാൻ

പൊലീസിന് കഴിഞ്ഞു. ഈ കേസിന്റെ അന്വേഷണം കേരള പൊലീസിന്റെ അധികാരപരിധിയിൽ വരുന്നതാണെന്ന് കോടതിയിൽ സ്ഥാപിക്കാനും ശക്തമായ ഇടപെടലാണ് സർക്കാർ നടത്തിയത്. സർക്കാർ എന്നും ഇരയോടൊപ്പമാണെന്ന നിലപാട് ആവർത്തിച്ച് ഉറപ്പിക്കുന്നതാണ് സർക്കാരിന്റെ ഈ നിലപാട്. പൊലീസിന് ഒരുപാട് നന്മകൾ ചെയ്യാനും ഫലപ്രദമായി പ്രവർത്തിക്കാനും കഴിയുന്നുണ്ട്. വീഴ്ചകൾ ചിലത് സംഭവിക്കുന്നുവെന്നത് ഗൗരവമായിക്കണ്ട്, ഈ നന്മകളും നല്ല കാര്യങ്ങളും ചെയ്യുന്നതിന്റെ മുകളിൽ ആരെങ്കിലും ഒരാൾ വീഴ്ച വരുത്തിയാലോ ഏതെങ്കിലും ഒരു പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചാലോ അത് മറച്ചുവയ്ക്കാനോ അതിനെ  ഇല്ലാതാക്കാനോ ഉള്ള നടപടിയല്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. അത്തരം കാര്യങ്ങളിൽ കർക്കശ നടപടികൾ സ്വീകരിക്കും. എന്നാൽ, നിയമപരമായി നടക്കുന്ന എല്ലാ കാര്യങ്ങൾക്കും സർവവിധ പിന്തുണ നൽകുകയും ചെയ്യും. ആദ്യം സൂചിപ്പിച്ചതുപോലെ സഭ  നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നം ഇതിൽ ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപേക്ഷത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നെന്മാറ കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കോടതി ജാമ്യ വ്യവസ്ഥകൾ ലിഫ്റ്റ് ചെയ്തുവെന്നാണ്. പക്ഷേ അപ്പോഴും ഏറ്റവും അവസാനത്തെ ലിഫ്റ്റ് ചെയ്ത കോടതി ഉത്തരവിലും കൃത്യമായി പറയുന്നത് " The petitioner shall not enter into the limits of Nenmara Panchayath untill the conclusion of trial" എന്നാണ്. മേൽസൂചിപ്പിച്ച ഉത്തരവിലും പഞ്ചായത്തിനുള്ളിൽ കയറാൻ പാടില്ലെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ അഞ്ചുവർഷം മുമ്പ് കൊലചെയ്ത സ്ത്രീയുടെ വീടിന് തൊട്ടടുത്തുതന്നെ ഒന്നര മാസക്കാലം അയാൾ താമസിക്കുകയാണ്. അവരുടെ ഭർത്താവിനെയും മക്കളെയും കുടുംബാംഗങ്ങളെയുമടക്കം അഞ്ചുപേരെ കൊല്ലുമെന്ന് അയാൾ നിരന്തരമായി ഭീഷണിപ്പെടുത്തുകയാണ്. രാത്രിസമയത്ത് അയാൾ

പുറത്തിറങ്ങി ആയുധം കാണിച്ച് ആളുകളെ വിരട്ടുകയാണ്. ഇക്കാര്യമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. ഞങ്ങളുടെ ജീവൻ അപകടത്തിലാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് കുട്ടികൾ പൊലീസിൽ പരാതി സമർപ്പിച്ചു. അയൽവീട്ടിലെ ഒരു സ്ത്രീയും ഞങ്ങളുടെ ജീവൻ അപകടത്തിലാണെന്ന് കാണിച്ച് പൊലീസിൽ പരാതി നൽകി. ജാമ്യ വ്യവസ്ഥ ലംഘിച്ച് അയാൾ വീടിനടുത്ത് താമസിക്കുകയും ആയുധത്തിന് മൂർച്ച കൂട്ടി ആയുധവുമായി പുറത്തിറങ്ങി നടക്കുന്നുവെന്ന് പരാതി കൊടുത്തിട്ടും ഒന്നര മാസക്കാലം പൊലീസ് എന്ത് ചെയ്യുകയായിരുന്നുവെന്നാണ് ഞങ്ങൾ ചോദിച്ചത്. കോടതിയിൽ പോകണമെങ്കിൽ കോടതിയിൽ പോയി ജാമ്യവ്യവസ്ഥകൾ ലിഫ്റ്റ് ചെയ്തത് മാറ്റി അയാളുടെ ജാമ്യം റദ്ദാക്കാനുള്ള നടപടികൾ പൊലീസ് സ്വീകരിച്ചോ? ഒരു സ്ത്രീയെ കൊലപ്പെടുത്തിയ കേസിലെ കൊലപാതകി തൊട്ടടുത്ത വീട്ടിൽ താമസിച്ച് അവരുടെ കുഞ്ഞുങ്ങളടക്കമുള്ള ബാക്കിയുള്ള കുടുംബാംഗങ്ങളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ ഈ പൊലീസ് എവിടെയായിരുന്നുവെന്നതാണ്

ഞങ്ങളുടെ ചോദ്യം. ഈ ചോദ്യത്തിന് ഉത്തരം പറയണം. മാത്രമല്ല, ഗുണ്ടകളുടെ വിഹാരരംഗമാണ് കേരളം. രണ്ടായിരത്തിലധികം ഗുണ്ടകൾ കേരളത്തിലുടനീളം സ്വൈര വിഹാരം നടത്തുന്നുവെന്ന് പൊലീസ് റിപ്പോർട്ടിൽത്തന്നെ പറയുന്നു. എല്ലാ ജില്ലകളിലും എല്ലാ സ്ഥലങ്ങളിലും വ്യാപകമായി ഇത് നടക്കുകയാണ്. ഇപ്പോൾ ഗുണ്ടകളുടെ സമ്മേളനങ്ങളാണ് എല്ലാ സ്ഥലങ്ങളിലും നടക്കുന്നത്. ഏരിയ സമ്മേളനവും ലോക്കൽ സമ്മേളനവും നടക്കുന്നതുപോലെ ഗുണ്ടകൾ സമ്മേളനം നടത്തുകയാണ്. ഗുണ്ടകൾ പൊലീസ് സ്റ്റേഷന്റെ അതിർത്തികളിൽ സമ്മേളനം നടത്തട്ടെ, എസ്.പി.-യുടെ കീഴിലുള്ള ഏരിയകളിൽ ഒരുമിച്ച് കൂടട്ടെ, സംസ്ഥാന സമ്മേളനം നടത്തട്ടെ. എല്ലാ സ്ഥലങ്ങളിലും ഗുണ്ടകളുടെ യോഗങ്ങളും ഗുണ്ടകളുടെ ബർത്ത്ഡേ പാർട്ടികളും നടക്കുകയാണ്. ഇതെല്ലാം പുതുമയാണോ, വാർത്തകളിൽ വരുന്നതല്ലേ. ഗുണ്ടകൾ യോഗം കൂടി അവരുടെ ബർത്ത്ഡേ പാർട്ടികൾ നടത്തുകയാണ്. പത്തനംതിട്ടയിൽ ഒരു എസ്.എഫ്.ഐ. പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസിലെ പ്രതിയെ നിങ്ങൾ പാർട്ടിയിലേയ്ക്ക് സ്വീകരിച്ചില്ലേ, അയാൾ ബർത്ത്ഡേ പാർട്ടി

നടത്തിയത് എവിടെയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമോ? ജങ്ഷനിൽ വാഹനം പാർക്ക് ചെയ്തശേഷം കാറിന്റെ ബോണറ്റിൽ കേക്ക് വച്ച് ഗുണ്ടകളെല്ലാവരും ചേർന്ന് മുറിച്ചാണ് അയാളുടെ ബർത്ത്ഡേ പാർട്ടി ആഘോഷിച്ചത്. ഒരു വിദ്യാർഥി രാഷ്ട്രീയ പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കാപ്പാ കേസിലെ പ്രതിയെ മന്ത്രിയാണ് മാലയിട്ട് സ്വീകരിച്ചത്. ഗുണ്ടകൾ നടത്തുന്ന ബർത്ത്ഡേ പാർട്ടിയിലും ഡ്രഗ് പാർട്ടിയിലും ഡി.ജെ. പാർട്ടിയിലും മുഖ്യ അതിഥികളായി പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുവെന്നാണ് പരാതി. ഗുണ്ടകൾ നടത്തുന്ന പാർട്ടിയിലെ മുഖ്യാതിഥികളായി ഡിവൈ.എസ്.പി.- മാരും സി.ഐ.-മാരും പങ്കെടുത്തില്ലേ? ഗുണ്ടകളുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ പോലീസ് പോകുകയാണ്, അതാണ് ഗുണ്ടാ-പൊലീസ് നെക്സസ് ഉണ്ടെന്ന് പറയുന്നത്. സത്യസന്ധരായ പോലീസുദ്യോഗസ്ഥർ ധാരാളമായുണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമൊന്നുമില്ല, പോലീസിൽ എല്ലാക്കാലത്തും നല്ല ഉദ്യോഗസ്ഥരുണ്ടായിരുന്നു, ഇപ്പോഴുമുണ്ട്. അതിൽ സംശയമൊന്നുമില്ല. പക്ഷേ ഗുണ്ടകളും ക്രിമിനലുകളുമായി ബന്ധമുള്ള പോലീസുദ്യോഗസ്ഥരുടെ

എണ്ണം വർധിക്കുന്നു. അവരെ നിലയ്ക്കുനിർത്താൻ നിങ്ങൾക്ക് സാധിക്കുന്നില്ല. നിങ്ങൾ ഈ ഗുണ്ടകൾക്ക് പല സ്ഥലത്തും political patronage കൊടുക്കുന്നു. നിങ്ങളുടെ ആളുകളാണ് അവരെ സംരക്ഷിക്കുന്നത്. പൊലീസിന്റെ hierarchy തകരാറിലാണ്, പോലീസ് ഒരു ഫോഴ്സാണ്, ഈ ഫോഴ്സിന് ഡി.ജി.പി. മുതൽ താഴെത്തട്ടുവരെ ഒരു hierarchy ഉണ്ട്. ഏത് ഫോഴ്സ് ആണെങ്കിലും hierarchy-യിലേ നിലനിൽക്കുകയുള്ളൂ. ഇവിടെ ഈ ഫോഴ്സിന് ഫങ്ഷൻ ചെയ്യാൻ സാധിക്കുന്നില്ല. ഇന്റർവെൻഷൻസാണ്, ഇടപെടലുകളാണ്, പല സ്ഥലത്തും ഓരോ ആളുകൾ ഇടപെടുകയാണ്. അനാവശ്യമായി shady characters-ഉള്ള ആളുകളെ protect ചെയ്യുന്നതിനുവേണ്ടി ആളുകൾ ഇടപെടുകയാണ്, അവിടെയാണ് ഈ ക്രിമിനലുകളെ നിയന്ത്രിക്കാൻ കഴിയാത്തത്. ക്രിമിനലുകൾക്ക് political patronage കൊടുത്ത് അവർക്ക് എല്ലാ സംരക്ഷണവും നൽകുന്നു. പത്തനംതിട്ടയിൽ നടന്നത് പോലീസിന്റെ അതിക്രമവും നെന്മാറയിൽ നടന്നത് പൊലീസിന്റെ അനാസ്ഥയുമാണ്. പെൺകുട്ടികൾ ഞങ്ങളുടെ ജീവൻ അപകടത്തിലാണെന്ന് പരാതി പറയുമ്പോൾ ആരാണെങ്കിലും അതിന്മേൽ നടപടി എടുക്കുകയില്ലേ. അതിനുപോലും

മനഃസാക്ഷിയില്ലാത്തവരായും കരുണയില്ലാത്തവരുമായി പോലീസ് മാറിയോ? ഇവിടെ നടന്നത് അതിക്രമമാണ്. ഒരു സ്ത്രീയെ പൊലീസ് ഇറങ്ങി വന്ന് നിലത്തിട്ട് ചവട്ടുകയും ലാത്തി ഉപയോഗിച്ച് അവരെ അടിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളെ എടുത്തുവച്ചുകൊണ്ടിരിക്കുന്ന ആളുകളെ തല്ലുക; പൊലീസിന്റെ കാഴ്ച നഷ്ടപ്പെട്ടോ; അവിടെയെത്തിയ പൊലീസുകാർ ലഹരിയിലായിരുന്നുവെന്നുള്ള പരാതിയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കുമോ; ഇതുമായി ബന്ധപ്പെട്ട് അങ്ങനെയൊരു പരാതിയുണ്ട്. അവർ ലഹരി ഉപയോഗിച്ചിട്ടില്ലായിരുന്നുവെങ്കിൽ യാതൊരു കാരണവുമില്ലാതെ സ്ത്രീകളുൾപ്പെടെയുള്ള ആളുകളെ ക്രൂരമായി മർദിക്കുമായിരുന്നോ? ബാറിൽ കയറി ബഹളമുണ്ടാക്കിയത് സ്ത്രീകളാണോ; സ്ത്രീയെ മർദ്ദിക്കുമോ; ഇതൊക്കെ എവിടെ കേട്ടിട്ടുണ്ട്; ചങ്ങലയ്ക്ക് ഭ്രാന്തുപിടിച്ചോ; ക്രിമിനലുകളെ വിലങ്ങുവയ്ക്കേണ്ടവരാണ് പൊലീസ് എന്നുപറയുന്നത്. ആ ചങ്ങലയ്ക്കാണ് ഭ്രാന്ത് പിടിച്ചിരിക്കുന്നത്. അക്കാര്യം ഞങ്ങൾ ഈ സഭയില്ലാതെ വേറെ എവിടെയാണ് അവതരിപ്പിക്കേണ്ടത്. പൊലീസ് ചെയ്യുന്ന എല്ലാകാര്യങ്ങളും ഇവിടെ സൂചിപ്പിച്ചില്ലല്ലോ? സമീപ ദിവസങ്ങളിലുണ്ടായ കാര്യങ്ങൾ മാത്രമല്ലേ

സൂചിപ്പിച്ചത്. ഇത്തരത്തിൽ പൊലീസിനെ അഴിച്ചുവിടരുത്; ഊരിവിടരുത്; ഇതിനൊക്കെ നിയന്ത്രണം വേണം. പോലീസ് സംവിധാനം എന്നൊരു ഫോഴ്സ് നിലനിർത്തി സ്വതന്ത്രമായി അന്വേഷണം നടത്താനുള്ള സംവിധാനങ്ങളുണ്ടാകണം. ഇവിടെ ക്രിമിനലുകളില്ലായെന്ന് മറുപടി പറഞ്ഞിട്ടുണ്ടല്ലോ; നേരത്തെ പൊലീസ് സേനയിലെ 14 പേർക്കെതിരെ ഗുണ്ടാ-പോലീസ് ബന്ധത്തിന്റെയടിസ്ഥാനത്തിൽ നടപടിയെടുത്തെങ്കിലും ആ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടല്ലോ; ഗുണ്ടകളുമായി ബന്ധം സ്ഥാപിച്ചതിന്റെയടിസ്ഥാനത്തിൽ നടപടി നേരിടുന്ന 18 പോലീസ് ഉദ്യോഗസ്ഥർ ഇപ്പോൾ സേനയിൽ ജോലി ചെയ്യുന്നുണ്ടെന്നുള്ള കാര്യം നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയാണ്. അത് പതിനെട്ട് അല്ല. ഗുണ്ടകളുമായി ബന്ധമുണ്ടെന്ന ആരോപണത്തിൽ നടപടി നേരിടുന്ന നിരവധി പോലീസ് ഉദ്യോഗസ്ഥർ നിലവിൽ സേനയിൽ ജോലി ചെയ്യുന്നുണ്ട്. അതിനൊരു നിരീക്ഷണം വേണം, അവരുടെ മേൽ ഒരു കൺട്രോൾ ഉണ്ടാകണം. സംസ്ഥാനത്ത് വ്യാപകമായി ക്രിമിനലുകൾ അഴിഞ്ഞാടുന്നുവെന്നുള്ള കാര്യത്തിൽ സംശയമുണ്ടോ; ഒരുകാലത്തുമില്ലാത്ത

തരത്തിലുള്ള കൊലപാതകങ്ങളും അക്രമങ്ങളുമെല്ലാം ഇവിടെ നടക്കുകയാണ്. ഹൈദരാബാദിൽ പോയി ഒരു ശതകോടീശ്വരനെ കസ്റ്റഡിയിലെടുത്ത കാര്യം ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പല തവണ പറഞ്ഞു. കൊച്ചിയിലെ കൊക്കെയിൻ കേസിലെ പ്രതികളെ മുഴുവൻ വെറുതെ വിട്ടുവെന്നുള്ള വാർത്തയാണ് ഇന്നത്തെ പത്രത്തിലൂടെ കാണാൻ കഴിഞ്ഞത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്): സർ, (...........മൈക്ക് ഓഫ്.............)

ശ്രീ. വി. ഡി. സതീശൻ: ഞാൻ പറഞ്ഞ കാര്യം അവസാനിപ്പിച്ചോട്ടെ......

മി. സ്പീക്കർ: യെസ്സ്.....യെസ്സ്.... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വഴങ്ങുന്നുണ്ടോ;

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞ് കഴിഞ്ഞില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിയതിലൂടെ ശതകോടീശ്വരനെ പിടിച്ചുവെന്ന് ഇന്നലെ സൂചിപ്പിച്ചു. ഇന്നത്തെ പത്രത്തിൽ കൊക്കെയിൻ

കേസിലെ പ്രതികളെ മുഴുവൻ വെറുതെ വിട്ടുവെന്ന വാർത്തയാണ് വന്നത്. ആ കേസിൽ എന്താണ് സംഭവിച്ചത്? എൻ.ഡി.പി.എസ്. കേസിൽ പ്രോപ്പറായിട്ടുള്ള പ്രൊസീജ്യൂർ ഫോളോ ചെയ്യാതെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. അത് ഈ കേസിൽ അകപ്പെട്ടവരെ സഹായിക്കാൻ കൊടുത്തതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: ഇന്നലെ അതിന്റെ കണക്ക് സൂചിപ്പിച്ചിട്ടുണ്ട്. 4900 പേർക്കെതിരെ കേസെടുത്തതിൽ 100 പേരെയാണ് വെറുതെ വിട്ടത്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൺവിക്ഷൻ റേറ്റായ 98.9 എന്നത് കേരളത്തിലാണ്. പ്രതികളെ പിടിച്ചതും ശിക്ഷിച്ചതും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാണില്ല. എവിടെയെങ്കിലും ആരെയെങ്കിലും വെറുതെ വിട്ടിട്ടുണ്ടോയെന്ന് മൈക്രോസ്കോപ്പുമായി നടക്കുകയാണ് അദ്ദേഹം. ഹൈദരാബാദിലെ ശതകോടീശ്വരനെ പിടിച്ചതിൽ കുറച്ചുപ്രയാസം കാണും. കാരണം, തെലങ്കാനയിലെ മുഖ്യമന്ത്രി ശ്രീ. രേവന്ത് റെഡ്ഡിയുടെ മൂക്കിനുതാഴെ കേരള പൊലീസ് പോയിട്ടാണ് പ്രതികളെ പിടികൂടിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, കേരള പൊലീസ് തെലങ്കാനയിൽനിന്ന് കസ്റ്റഡിയിലെടുത്ത ശതകോടീശ്വരൻ ഞങ്ങളുടെ അമ്മാവനാണോ; എന്താ ഈ പറയുന്നത്; കേരളത്തിലേക്ക് കൊക്കെയിൻ കൊണ്ടുവന്ന കുപ്രസിദ്ധമായ കേസിൽ പ്രതികളായവർക്കെതിരെ പ്രോപ്പറായി ചാർജ്ഷീറ്റ് കൊടുക്കാത്തതിന്റെ പേരിൽ അവരെ വെറുതെവിട്ട കാര്യമാണ് ഞാൻ സൂചിപ്പിച്ചത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......അങ്ങയുടെ സമയം 9 മിനിറ്റ് കഴിഞ്ഞു........(ബഹളം)......പ്രസംഗം അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗത്തിന് സാധാരണ സമയകൃത്യത പാലിക്കുന്നുണ്ട്. അത് പാലിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, നോ...... നോ.......അങ്ങ് ദയവ് ചെയ്ത് ഇടപെടരുത്.

മി. സ്പീക്കർ: നിങ്ങൾ പാലിക്കേണ്ട സമയത്തിനുള്ളിൽ പ്രസംഗം നിർത്തണമെന്നാണ് പറഞ്ഞത്. ഇപ്പോൾത്തന്നെ സമയം 9 മിനിറ്റ് കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇടപെടേണ്ട. ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

മി. സ്പീക്കർ: അങ്ങനെ ചെറിനോട് റൂൾ ചെയ്യാൻ പാടില്ല. അങ്ങ് സംസാരിക്കൂ......

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പ്രസംഗത്തിൽ ഇടപെട്ട് എന്നെ ശല്യപ്പെടുത്തല്ലേ; ഞാൻ അവസാനിപ്പിക്കാം. Let me complete.

മി. സ്പീക്കർ: യെസ്സ്..........യെസ്സ്...... പ്രസംഗം കംപ്ലീറ്റ് ചെയ്യണമെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയുടെ ചരിത്രത്തിൽ ഏറ്റവും കുറവ് സമയം വാക്കൗട്ട് പ്രസംഗം നടത്തിയ പ്രതിപക്ഷ നേതാവാണ് ഞാൻ. എനിക്കുള്ള സമയത്തിൽ അനാവശ്യമായി അങ്ങ് ഇടപെട്ട് എന്നെ ശല്യപ്പെടുത്തരുത്.

മി. സ്പീക്കർ: അത് ഇങ്ങനെ സൂചിപ്പിച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. യെസ്സ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വളരെ കുറച്ച് സമയം മാത്രമെ സംസാരിക്കുകയുള്ളൂ.

മി. സ്പീക്കർ: അത് അങ്ങനെതന്നെ നിലനിർത്തണമെന്നാണ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻഫോഴ്സ്മെന്റിന്റെ കാര്യം സൂചിപ്പിച്ചു. 2017-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 14,886 ആണെങ്കിലും അതിൽ 1445 കേസുകൾക്കാണ് കോടതി ശിക്ഷ വിധിച്ചത്. അതായത് കൺവിക്ഷൻ റേറ്റ് 10 ശതമാനംപോലുമില്ല. 2018-ൽ 15431 കേസുകളാണെങ്കിലും അതിലും 1219 കേസുകൾക്കാണ് ശിക്ഷ വിധിച്ചത്. അടുത്ത വർഷം 15,624 കേസുകൾ, അതിൽ ശിക്ഷ വിധിച്ചത് 1205 കേസുകൾ മാത്രം. അതായത് കൺവിക്ഷൻ റേറ്റ് 10 ശതമാനം പോലുമില്ല. പ്രോപ്പറായിട്ടുള്ള ഇൻവെസ്റ്റിഗേഷനും പ്രോസിക്യൂഷൻ നടപടികളും നടത്തിയിട്ടില്ല. എൻഫോഴ്സ്മെന്റ് പ്രോപ്പറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് മാത്രമാണ് ഇക്കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞത്. ഇതൊന്നും ഞങ്ങളുടെ നോട്ടീസിലുള്ള കാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്റ്റാറ്റിസ്റ്റിക്സ്....... അങ്ങ് തന്നെ ഇവിടെ നൽകിയ വിവരങ്ങളാണ്. ഇതെല്ലാം

ഗവൺമെന്റ് നൽകിയ വിവരങ്ങളാണ്. കേരളത്തിലെ ലാ ആൻഡ് ഓർഡർ സിസ്റ്റം വളരെ വഷളായിരിക്കുകയാണ്. കേരളം ഗുണ്ടകളുടെ കൈയിലാണ്. നിങ്ങൾക്ക് എല്ലാവർക്കുമറിയാമല്ലോ; എവിടെ പോയാലും ആളുകൾക്ക് പരാതികളും പ്രശ്നങ്ങളുമാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യുക..

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയല്ലേ; ......(ബഹളം)..... അങ്ങ് എന്തിനാണ് എന്നെ ശല്യപ്പെടുത്തുന്നത്.

മി. സ്പീക്കർ: യെസ്സ്.....അങ്ങ് കൺക്ലൂഡ് ചെയ്യുക. ......(ബഹളം)..... അങ്ങ് പ്രകോപിതനാകരുത്; ......(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അനാവശ്യമായി ഇടപെടുകയാണ്. അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് നീതിബോധം കാണിക്കണം.

മി. സ്പീക്കർ: നീതിബോധം കാണിക്കുന്നുണ്ട്. യെസ്സ്..... അങ്ങ് കൺക്ലൂഡ് ചെയ്യുക. പ്ലീസ്.....പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ചെയ്യുന്നത് ശരിയായ രീതിയല്ല. അങ്ങനെയാണെങ്കിൽ അതേ സമീപനം അങ്ങോട്ടും വേണ്ടിവരും.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ....പ്ലീസ്....പ്ലീസ്..... അങ്ങ് സംസാരിക്കൂ.....പ്ലീസ്....പ്ലീസ്..... .....(ബഹളം).....ശ്രീ. എൻ. ഷംസുദ്ദീൻ അവിടെ ഇരിക്കൂ......(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ എന്റെ പ്രസംഗം അവസാനിപ്പിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സന്തോഷിപ്പിക്കുന്നതിനാണെങ്കിൽ അങ്ങനെ ചെയ്തുകൊള്ളൂ..

മി. സ്പീക്കർ: .....(ബഹളം)..... അങ്ങ് ഇങ്ങനെയൊന്നും സംസാരിക്കരുത്. അങ്ങയെപോലുള്ള മുതിർന്ന അംഗം ഇത്തരത്തിലൊന്നും സംസാരിക്കുന്നത് ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എത്ര തവണയാണ് ഇടപെട്ടത്?

മി. സ്പീക്കർ: ചെയറിനോട് ഇങ്ങനെ സംസാരിക്കുന്നത് ശരിയല്ല. അങ്ങ് നിയമസഭയ്ക്ക് അകത്തുള്ള വളരെ സീനിയർ അംഗമാണ്. ഇത്തരത്തിലുള്ള ഭാഷ ഉപയോഗിക്കുന്നത് ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിവിടെ വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ അങ്ങ് അനാവശ്യമായി ഇടപെടുകയാണ്. അങ്ങ് ഇടപെടാൻ പാടില്ല.

മി. സ്പീക്കർ: വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ വാക്കൗട്ട് പ്രസംഗം നടത്തുന്ന ആളാണ് അങ്ങ്. അത് ഓർമ്മപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എത്ര പ്രാവിശ്യമായി ഇടപെടുന്നു. 9 മിനിറ്റ് ആകുന്നതിനുമുമ്പ് അങ്ങ് ഇടപെടുന്നത് ശരിയല്ല. ഒരാളുടെ പ്രസംഗത്തിൽ ഇടപെട്ട് അതിന്റെ ഫ്ലോ നഷ്ടപ്പെടുത്താൻവേണ്ടി മന:പൂർവമായി അങ്ങ് ഇടപെടുന്നതാണെന്നുള്ള ആക്ഷേപം ഞാൻ ഉന്നയിക്കുന്നു. (ബഹളം)..... കേരളം ഗുണ്ടകളുടെ കൈയിലാണ്. പൊലീസിന് ഗുണ്ടകളുമായി ബന്ധമുണ്ട്. കേരളത്തിലെ സാധാരണക്കാരുടെ ജീവിതം ഇത്തരം ഗുണ്ടകളുടെ കഠാര തുമ്പിലാണ്. ഇതിനെ നിയന്ത്രിക്കാൻ പൊലീസിന് കഴിയുന്നില്ല. അനാവശ്യമായ രാഷ്ട്രീയ നേതൃത്വം ഇത്തരം ഗുണ്ടകൾക്ക് നൽകി കേരളത്തെ ഗുണ്ടകളുടെ നാടാക്കി ഈ ഗവൺമെന്റ് മാറ്റുന്നു. അതിനുള്ള ശക്തിയായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തികൊണ്ട് ഈ വിഷയം സഭാ

നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ഒരു ശബ്ദം കേട്ടപ്പോഴാണ് അങ്ങ് പ്രകോപിതനായത്. ഇപ്പോൾ സഭയിലുള്ള ഭരണപക്ഷ അംഗങ്ങളുടെ ബഹളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടല്ലോ?

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, മയക്കുമരുന്നിന്റെ വ്യാപനവും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെയുംകുറിച്ച് ഇന്നലെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇന്നത്തെ സ്ഥിതി മനസ്സിലാക്കിക്കൊണ്ട്, സാധാരണക്കാരായ കേരളീയരുടെയെല്ലാം മനസ്സിൽ വ്യാകുലത ഉണ്ടാക്കുന്ന, അങ്കലാപ്പ് ഉണ്ടാക്കുന്ന വിഷയമാണ് ഇന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ഇന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വലിയ വർധനവ് ഉണ്ടായിരിക്കുകയാണ്. അതിൽ 95 ശതമാനവും പിടിക്കപ്പെടുന്നുവെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല.

കേരളത്തിൽ കാലാകാലങ്ങളിൽ കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള കൊലപാതകങ്ങൾ, കുട്ടികളുമായി ബന്ധപ്പെട്ട കൊലപാതകങ്ങൾ, കുടുംബത്തിലെ കൊലപാതകങ്ങൾ, വിചിത്രമായ കൊലപാതകങ്ങൾ, പിടിച്ചുപറികൾ എന്നിവപോലുള്ള കുറ്റകൃത്യങ്ങൾ അനുദിനം വർധിച്ചുവരികയാണ്. ഇപ്പോൾ ദൃശ്യ-ശ്രവ്യ ചാനലുകൾ തുറക്കാൻ പറ്റുമോ; അതിന് സാധിക്കാത്ത തരത്തിലുള്ള ആശങ്കയാണ് ഉളവാക്കുന്നത്. അതിനുകാരണം മയക്കുമരുന്നിന്റെ വ്യാപനമായിരിക്കാം. അതിന്റെയൊരു ഇംപാക്റ്റ് പൊലീസിൽപോലുമുണ്ട്. അത് വളരെ അങ്കലാപ്പ് ഉണ്ടാക്കുന്ന ഒരു വിഷയമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത് തന്നെയാണ്. ഇന്നലെ പ്രതിപക്ഷം ഇവിടെ അവതരിപ്പിച്ച ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് നന്നായി എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. മദ്യവും മയക്കുമരുന്നുമൊക്കെ അൽപ്പം നിയന്ത്രിച്ച സമയത്തുള്ള കുറ്റകൃത്യങ്ങളുടെ എണ്ണത്തിലുള്ള കുറവിന്റെ സ്റ്റാറ്റസ് ഒന്ന് പരിശോധിക്കണം. അവകാശവാദങ്ങൾ കൊണ്ടുമാത്രം കാര്യമില്ല. കേരളം നമ്മുടെ നാടാണ്. കേരളവും കേരളത്തിലെ പൊലീസും ഒന്നാമതാണെന്നുപറഞ്ഞ് ലോകത്തിന്

മുമ്പിൽ അഭിമാനിക്കുന്നുണ്ട്. പക്ഷേ ഇന്ന് ജനറലായിട്ടുള്ള ഇംപ്രഷൻ എന്നുപറയുന്നത് കേരളത്തിലെ കാര്യങ്ങൾ വളരെ മോശമായ സ്ഥിതിയിലാണ് എന്നുള്ളതാണ്. അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യം തന്നെയാണ്. വളരെ ഗൗരവമുള്ള വിഷയമാണിത്. ഇതിനുള്ള കാരണമെന്താണ്; എങ്ങോട്ടാണ് നമ്മൾ പോകുന്നത്? ഇവിടെ വർഗ്ഗീയ ലഹള ഇല്ല എന്നുപറഞ്ഞു. അത് നമ്മുടെ നേട്ടം തന്നെയാണ്. പക്ഷെ അതൊഴികെ ബാക്കി ഗുണ്ടാവിളയാട്ടം, കൊലപാതകങ്ങൾ, പല തരത്തിലുള്ള വിചിത്രമായ കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. കാരണമെന്താണെന്ന് പരിശോധിച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. നിരവധി അതിഥി തൊഴിലാളികളുള്ള ഒരു സംസ്ഥാനമാണ് കേരളം. കുറ്റകൃത്യങ്ങളുടെ എണ്ണം വർധിക്കാനുള്ള കാരണം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്. ഇന്നത്തെ ഉപക്ഷേപവുമായി ബന്ധപ്പെട്ട വിഷയം നമ്മുടെ സംസ്ഥാനത്തിന് ഒട്ടും അഭികാമ്യമല്ല. ആ നിലയ്ക്കുള്ളൊരു ഗൗരവം ഉൾക്കൊണ്ടിട്ടുള്ളതല്ല മുഖ്യമന്ത്രിയുടെ മറുപടിയും ഭരണപക്ഷ അംഗങ്ങളുടെ പ്രതികരണവും.

അവകാശവാദങ്ങൾ ഉന്നയിക്കുക എന്നതല്ല, കേരളത്തെ രക്ഷിക്കുക എന്നതാണ് ആവശ്യം. ആ സമീപനം ഇല്ലാത്ത ഒരു തീരുമാനം എടുത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, നെന്മാറ കേസ് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒന്നര മാസക്കാലം ജാമ്യവ്യവസ്ഥകൾ ലംഘിച്ച് ആ പഞ്ചായത്തിൽ താമസിച്ച ചെന്താമരയെപ്പറ്റി കോടതിയിൽ റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. അത് വലിയൊരു തെറ്റായിപ്പോയി. ഒരു കാര്യം മാത്രം ഞാനിവിടെ സൂചിപ്പിക്കുന്നു. മൊത്തത്തിൽ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ യോജിച്ചുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.-യും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നെന്മാറയിലെ കൊലപാതകത്തെ സംബന്ധിച്ചുള്ള വിഷയങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിൽ പൊലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നത് വളരെ വ്യക്തമാണ്. കൃത്യമായൊരു ഇടപെടൽ പൊലീസിന്റെ ഭാഗത്തുനിന്നും ആ സന്ദർഭത്തിൽ ഉണ്ടായിരുന്നുവെങ്കിൽ രണ്ട് ജീവനുകൾ രക്ഷിക്കാൻ കഴിയുമായിരുന്നു. ഈ സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിക്കുകയാണെങ്കിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത വിഷയങ്ങളിൽ പൊലീസിന് സമാനമായ നിലയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. തീർച്ചയായും ഗവൺമെന്റ് അതിന്റെ പൂർണ്ണ ഗൗരവത്തിലെടുത്ത് നീങ്ങേണ്ടതായിട്ടുണ്ട്. ഇന്ന് നടക്കുന്ന കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് പ്രതികളുടെ സിന്തറ്റിക്ക് മയക്കുമരുന്നുകൾ അടക്കമുള്ളവയുടെ ഉപയോഗം പരിശോധിക്കപ്പെടേണ്ട ഒന്നാണ്. മയക്കുമരുന്നിന്റെ വലിയതോതിലുള്ള

വ്യാപനം ഇന്ന് കേരളത്തിലുണ്ടാകുന്നുണ്ട്. അത് പലതരത്തിലുള്ള കൊലപാതകങ്ങൾ, വളരെ ക്രൂരമായ തരത്തിലുള്ള കൊലപാതകങ്ങൾ ഇന്ന് അരങ്ങേറുന്നതും റിപ്പോർട്ട് ചെയ്യുന്നതുമൊക്കെ നമ്മൾ കൂട്ടിചേർത്ത് പരിശോധിക്കേണ്ട ഒന്നാണ്. ഇന്ന് കേരളത്തിൽ ഉണ്ടായിരിക്കുന്ന അതിഗുരുതരമായ ഒരു സാമൂഹിക സ്ഥിതിവിശേഷമാണ് ഞങ്ങൾ ചൂണ്ടിക്കാട്ടിയത്. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ:</u> സർ, ഗുണ്ടകളുടെ അതിക്രമങ്ങൾ വലിയ തോതിൽ വർധിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച എറണാകുളം പാലാരിവട്ടത്ത് ട്രാൻസ്ജെൻഡറായ ഒരു യുവതിയെ ഇരുമ്പ് വടികൊണ്ട് ക്രൂരമായി അക്രമിച്ച ഒരു സംഭവമുണ്ടായി. അവർക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശം ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നിന്ന് കിട്ടുന്നില്ല. ഇത്തരത്തിലുള്ള യുവതികൾക്ക് നേരെയുള്ള പല തരത്തിലുള്ള അക്രമങ്ങൾ

നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ കർശന നടപടിയുണ്ടാകണം. അക്രമികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനുള്ള എല്ലാ നടപടികളും പൊലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)